പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1039

20.3.2012-ൽ
മറുപടിയ്ക്ക്

**പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ യു.ജി.സി .സ്കെയിൽ അനുസരിച്ച് പുനഃക്രമീകരിച്ച പെൻഷൻ**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.സി.രവീന്ദ്രനാഥ്** | ശ്രീ.പി.കെ.അബ്ദുറബ്ബ്, (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) 2006 - ൽ വിരമിച്ച പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ യു.ജി.സി.സ്കെയിൽ അനുസരിച്ചുള്ള പെൻഷൻ പുനഃക്രമീകരണം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എയും ബിയും സിയും) വിവിധ മേഖലാകേന്ദ്രങ്ങൾ വഴി ലഭിച്ചുകൊണ്ടിരിക്കുന്ന, 2006 - ൽ വിരമിച്ച പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പുനഃക്രമീകരണത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. പുനഃക്രമീകരിച്ച പെൻഷന് 1.3.2010 മുതൽ പ്രാബല്യമുണ്ട്. |
| (ബി) എങ്കിൽ ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | |
| (സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പുനഃക്രമീകരിച്ച പെൻഷൻ എന്നു മുതൽ ലഭ്യമാകുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ.